കേരളത്തിലെ തൊഴിൽരഹിതർ

271 [298] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്ത തൊഴിൽരഹിതർ എത്ര?

(ബി) ഇവരിൽ തൊഴിലില്ലായ്മവേതനം പറ്റുന്നവർ എത്ര?

ഉത്തരം

(എ) 1986 മാർച്ച് 31 വരെ 25,32,322 പേർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇവരിൽ 1,79,146 പേർ തൊഴിലില്ലായ്മവേതനം പറ്റുന്നുണ്ട്.

തൊഴിലില്ലായ്മവേതനം

272 [299] ശ്രീ. കെ. പി. അരവിന്ദാക്ഷൻ:

,, എ. കെ. പത്മനാഭൻ:

,, കോലിയക്കോട് എൻ. കൃഷ്ണൻനായർ:

,, ടി. കെ. ആറുമുഖൻ:

,, വി. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;:

(എ) തൊഴിലില്ലായ്മ വേതനം നൽകുന്നതിനു 1985-86-ലെ ബഡ്ജറിൽ ഉൾക്കൊള്ളിച്ചിരുന്ന തുക എത്ര;

(ബി) 1985-86-ൽ സംസ്ഥാനത്ത് തൊഴിലില്ലായ്മ വേതനം നൽകപ്പെട്ടവരുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) 1986-87ലെ ബഡ്ജറിൽ തൊഴിലില്ലായ്മവേതനം നൽകുന്നതിന് എന്ത് തുക നീക്കിവെച്ചിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തൊഴിലില്ലായ്മ വേതനത്തിനും സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതിക്കുംവേണ്ടി 12 കോടി രൂപ ഉൾക്കൊള്ളിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly